# Indian History Questions and Answers about Buddhism in Malayalam




Important topics included in this post : Buddhism (ബുദ്ധമതം), Buddhist councils (ബുദ്ധമത സമ്മേളനങ്ങൾ), Branches of Buddhism (ബുദ്ധമതത്തിലെ പ്രധാനപെട്ട വിഭാഗങ്ങൾ), Mahayana (മഹായാനം), Hinayana (ഹീനയാനം) etc..

Question 27. ശ്രീബുദ്ധന്റെ യഥാർത്ഥ നാമം എന്താണ് ?

Answer: സിദ്ധാർത്ഥൻ

- ഗൗതമൻ (ഗൗതമ ബുദ്ധൻ, ഗൗതമ സിദ്ധാർത്ഥൻ) തുടങ്ങിയ പേരുകളിലും അദ്ദേഹം അറിയപ്പെടുന്നു
- ഗോതമ എന്നത് അദ്ദേഹത്തിന്റെ കുടുംബപ്പേര് ആണ്
- ശാക്യവംശത്തിൽ പിറന്നതിനാൽ അദ്ദേഹത്തെ ശാക്യമുനി എന്നും അറിയപ്പെടാറുണ്ട്

Question 28. ശ്രീബുദ്ധന് ജ്ഞാനോദയം ലഭിച്ച സ്ഥലം ഏതാണ് ?

Answer: ബോധ്ഗയ

- ബോധ്ഗയ സ്ഥിതിചെയ്യുന്ന സംസ്ഥാനം : ബീഹാർ

- ഇവിടെയുള്ള ഫൽഗു നദിക്കരയിൽ ഒരു ബോധിവൃക്ഷത്തണലിൽ ഇരുന്ന് തപസ്സു ചെയ്യുമ്പോഴാണ് ബുദ്ധന് ജ്ഞാനോദയം ലഭിച്ചത് എന്നാണ് വിശ്വാസം
- ബോധി വൃക്ഷം - അരയാൽ, പിപ്പലമരം

Question 29. ശ്രീബുദ്ധൻ തന്റെ ആദ്യ പ്രഭാഷണം നടത്തിയത് എവിടെ വച്ചാണ് ?

Answer: സാരാനാഥ്

- ഉത്തർപ്രദേശിലെ വാരാനാസിക്കു സമീപമുള്ള ഒരു നഗരമാണ് സാരാനാഥ്
- ബുദ്ധമതസ്ഥരുടെ ഒരു പുണ്യതീർത്ഥാടന കേന്ദ്രമാണ് ഇത്
- അതുപോലെ തന്നെ ജൈനരുടേയും ഒരു തീർത്ഥാടനകേന്ദ്രമാണ് സാരാനാഥ്
- ജൈന മതത്തിന്റെ 11-ആമത്തെ തീർത്ഥങ്കരനായ ശ്രേയാംസനാഥൻ (സുമതിനാഥൻ) ജനിച്ചത് ഇവിടെയാണ്

Question 30. ശ്രീബുദ്ധനെ ദൈവമായി കണക്കാക്കിയിരുന്ന ബുദ്ധമത വിഭാഗം ഏതാണ് ?

Answer: മഹായാന ബുദ്ധമതക്കാർ

- ഹീനയാനം (ഥേരാവാദം), മഹായാനം എനിവയാണ് ബുദ്ധമതത്തിലെ പ്രധാനപെട്ട രണ്ടു വിഭാഗങ്ങൾ
- വൈശാലിയിൽ നടന്ന രണ്ടാം ബുദ്ധമതസമ്മേളനത്തിൽ വച്ച് ബുദ്ധമതക്കാർ സ്ഥിരവാദികൾ അഥവാ ഥേരാവാദികൾ എന്നും മഹാസാംഘികർ എന്നും രണ്ടു ശാഖകളായി പിരിഞ്ഞു
- മഹാസാംഘികർ - മഹായാന ബുദ്ധമതക്കാർ
- ഥേരാവാദികൾ - ഹീനയാന ബുദ്ധമതക്കാർ

## ബുദ്ധമത സമ്മേളനങ്ങൾ

### ഒന്നാം ബുദ്ധമത സമ്മേളനം

- ഒന്നാം ബുദ്ധമത സമ്മേളനം നടന്ന സ്ഥലം : രാജഗൃഹം (രാജ്ഗിർ, Bihar)
- ഒന്നാം ബുദ്ധമത സമ്മേളനം നടന്ന വർഷം : B.C. 483
- ഒന്നാം ബുദ്ധമത സമ്മേളനന്റെ അധ്യക്ഷൻ : മഹാകശ്യപൻ
- ഒന്നാം ബുദ്ധമത സമ്മേളനം നടക്കുമ്പോൾ മഗധ രാജ്യം ഭരിച്ചിരുന്ന രാജാവ് : അജാതശത്രു

### രണ്ടാം ബുദ്ധമത സമ്മേളനം

- രണ്ടാം ബുദ്ധമത സമ്മേളനം നടന്ന സ്ഥലം : വൈശാലി (ബീഹാർ)
- രണ്ടാം ബുദ്ധമത സമ്മേളനം നടന്ന വർഷം : B.C. 383
- ഥേരാവാദികൾ, മഹാസാംഘികർ എന്ന രണ്ടു ശാഖകൾ രൂപപ്പെട്ട സമ്മേളനം : രണ്ടാം ബുദ്ധമത സമ്മേളനം

## മൂന്നാം ബുദ്ധമത സമ്മേളനം

- മൂന്നാം ബുദ്ധമത സമ്മേളനം നടന്ന സ്ഥലം : പാടലീപുത്രം (പാറ്റ്ന, Bihar)
- മൂന്നാം ബുദ്ധമത സമ്മേളനം നടന്ന വർഷം : B.C. 250
- മൂന്നാം ബുദ്ധമത സമ്മേളനന്റെ അധ്യക്ഷൻ : മൊഗാലിപുത്ത ടിസ്സ
- മൂന്നാം ബുദ്ധമത സമ്മേളനം നടക്കുമ്പോൾ മഗധ രാജ്യം ഭരിച്ചിരുന്ന രാജാവ് : അശോകൻ

## നാലാം ബുദ്ധമത സമ്മേളനം

- നാലാം ബുദ്ധമത സമ്മേളനം നടന്ന സ്ഥലം : കാശ്മീർ
- നാലാം ബുദ്ധമത സമ്മേളനം നടന്ന വർഷം : A.D. 72-100 (ഒന്നാം നൂറ്റാണ്ട്)
- നാലാം ബുദ്ധമത സമ്മേളനന്റെ അധ്യക്ഷൻ : വസുമിത്രൻ
- നാലാം ബുദ്ധമത സമ്മേളനം നടക്കുമ്പോൾ രാജ്യം ഭരിച്ചിരുന്ന രാജാവ് : കനിഷ്കൻ
- കനിഷ്കന്റെ രാജവംശം : കുശാനവംശം
- രണ്ടാം അശോകൻ എന്നറിയപ്പെടുന്ന രാജാവ് : കനിഷ്കൻ

## അഞ്ചാം ബുദ്ധമത സമ്മേളനം

- അഞ്ചാം ബുദ്ധമത സമ്മേളനം നടന്ന സ്ഥലം : മാൻഡല (ബർമ)
- അഞ്ചാം ബുദ്ധമത സമ്മേളനം നടന്ന വർഷം : A.D. 1871
- അഞ്ചാം ബുദ്ധമത സമ്മേളനം നടക്കുമ്പോൾ രാജ്യം ഭരിച്ചിരുന്ന രാജാവ് : മിൻഡൻ (ബർമ)

## ആറാം ബുദ്ധമത സമ്മേളനം

- ആറാം ബുദ്ധമത സമ്മേളനം നടന്ന സ്ഥലം : Kaba Aye (Yangoon, Burma)
- ആറാം ബുദ്ധമത സമ്മേളനം നടന്ന വർഷം : A.D. 1954
- അന്നത്തെ ബർമയുടെ പ്രധാനമന്ത്രി : U Nu
- ആറാം ബുദ്ധമത സമ്മേളനത്തിനായി പണികഴിപ്പിച്ച കെട്ടിടം : Kaba Aye Pagoda, Maha Pasana Guha (great cave)